**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 107** **29-06-2026-ൽ മറുപടിയ്ക്ക്**

**ടൂറിസം വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീമതി ഉമ തോമസ്

ശ്രീ. എ. ഡി. തോമസ്

ശ്രീ. പഴകുളം മധു

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ടൂറിസം മേഖല അഭിമുഖീകരിക്കുന്ന നിലവിലെ വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വെല്ലുവിളികൾ പരിഹരിച്ച് ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കോവിഡ് മഹാമാരിക്ക് ശേഷം ഉണ്ടായ വിനോദസഞ്ചാര മേഖലയിലെ വെല്ലുവിളികളും നിലവിലെ പശ്ചിമേഷ്യയിലേയും റഷ്യ-യുക്രൈൻ യുദ്ധ സാഹചര്യങ്ങളും നേരിട്ടുള്ള വിമാന സർവ്വീസുകളുടെയും കണക്ടിവിറ്റിയുടേയും കുറവുമാണ് സംസ്ഥാനത്ത് ടൂറിസം മേഖല അഭിമുഖീകരിക്കുന്ന നിലവിലെ പ്രധാന വെല്ലുവിളികൾ. പ്രസ്തുത വെല്ലുവിളികൾ പരിഹരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നത് വിനോദസഞ്ചാര നയത്തിന്റെ ഭാഗമാക്കുന്നതാണ്.

**(ബി)** സംസ്ഥാനത്തെത്തുന്ന വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഓരോ വർഷവും കുറയുന്നുണ്ടോ; എങ്കിൽ കൂടുതൽ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

**മറുപടി:** സംസ്ഥാനത്തെത്തുന്ന വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഓരോ വർഷവും കുറയുന്നില്ല. കോവിഡ്-19 മഹാമാരിയുടെ ആഘാതത്തെ തുടർന്ന് വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ ഇടിവിന് ശേഷം, ആഭ്യന്തര- വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളിൽ ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട് .

ആഭ്യന്തരവും അന്തർദേശീയവുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വൈവിധ്യമാർന്ന മാർക്കറ്റിംഗ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട് .

അന്താരാഷ്ട്ര തലത്തിൽ വിവിധ തരത്തിലുള്ള ക്യാമ്പയിനുകൾ നടത്തുന്നുണ്ട്. ഇതിൽ സോഷ്യൽ മീഡിയ, ഡിജിറ്റൽ മാർക്കറ്റിംഗ്, ടെലിവിഷൻ, ഒ.റ്റി.റ്റി മുതലായവ ഉൾപ്പെടുന്നു. കൂടാതെ അന്തർദേശീയ തലത്തിൽ പ്രധാനപ്പെട്ട വിവിധ ടൂറിസം മേളകളിൽ കേരള ടൂറിസം പങ്കെടുക്കുന്നുണ്ട്. ലോകത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ B2B മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ദേശീയതലത്തിലും വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും പ്രധാനപ്പെട്ട ടൂറിസം ട്രേഡ്

ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാനപ്പെട്ട ഇന്ത്യൻ നഗരങ്ങളിൽ B2B മീറ്റ് സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

**(സി)** വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആധുനിക ശൗചാലയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശൗചാലയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ബജറ്റ് വിഹിതത്തിനനുസൃതമായി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്.

മേൽ വെല്ലുവിളികൾ നേരിടുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ശുചിത്വവുമായി ബന്ധപ്പെട്ട് ഗ്രീൻ മാർഷെൽ എന്ന പദ്ധതിക്ക് സർക്കാർ നിലവിൽ രൂപം നൽകിയിട്ടുണ്ട്. ആവശ്യമായ മേഖലകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും NOC നേടുന്നതിനായി പ്രത്യേക ശ്രദ്ധ പുലർത്തി വരുന്നു. ടൂറിസം പദ്ധതികൾ തയ്യാറാക്കുമ്പോൾ ബാരിയർ - ഫ്രീ മാതൃകയിലുള്ള പദ്ധതികളാണ് ടൂറിസം ഡെസ്റ്റിനേഷനുകളിൽ വിഭാവനം ചെയ്തുവരുന്നത്. ആയത് ഡെസ്റ്റിനേഷനുകളെ സ്ത്രീ/ഭിന്നശേഷി/ വയോജന സൗഹൃദവുമായ കേന്ദ്രങ്ങളായി മാറ്റുന്നു. ടൂറിസം ഡെസ്റ്റിനേഷനുകളിൽ ആധുനിക രീതിയിലുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം ഡെസ്റ്റിനേഷനുകളിൽ സുരക്ഷ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്ട്രീറ്റ് ലൈറ്റ്, സിസിടിവി എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു.

വിനോദസഞ്ചാരികളുടെ സുരക്ഷ മുൻനിർത്തി അപകടസാധ്യതയുള്ള ജലാശയ കേന്ദ്രങ്ങളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, സൈനേജ് സംവിധാനങ്ങൾ, സി.സി.ടി.വി. നിരീക്ഷണം, സുരക്ഷാ വേലികൾ, രാത്രി കാലങ്ങളിലും ദൃശ്യമാകുന്ന തരത്തിൽ വിവിധ ഭാഷകളിലുള്ള സൈൻ ബോഡുകൾ സ്ഥാപിക്കുന്നതും, വിനോദസഞ്ചാരികളുടെ ബാഹുല്യവും ബീച്ചുകളുടെ പ്രാധാന്യവും കണക്കിലെടുത്ത് ബീച്ചുകളിലെ ലൈഫ് ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതും സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**